# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5754** **02/07/2019-ലെ മറുപടിക്ക്**

**ഭൂതത്താൻകെട്ട് വിനോദ സഞ്ചാരകേന്ദ്രത്തിൽ ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെൻറ് പ്രോഗ്രാം (ഡി.ആർ.ഐ.പി.) പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ട് വിനോദസഞ്ചാരകേന്ദ്രത്തിൽ, ഡാംറീഹാബിലിറ്റേഷൻ ഇംപ്രൂവ്മെൻറ് പ്രോഗ്രാം (ഡി.ആർ.ഐ.പി.) പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) എത്ര തുകയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക വീതമാണ് നീക്കിവയ്ക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഭൂതത്താൻകെട്ട് ബാരേജിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡി.ആർ.ഐ.പി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ താഴെ പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1 \| ചെങ്കര മുതൽ ഭൂതത്താൻ കെട്ട് ബാരേജ് വരെയുള്ള റോഡിന്റെ BM&BC വർക്ക് \| 2.29 കോടി<br>2 \| കമ്പിവേലി നിർമ്മാണം \| 0.18 കോടി<br>3 \| ഇൻഫർമേഷൻ സെന്റർ, ക്ലോക്ക് റൂം, ടോയിലറ്റ് എന്നിവയുടെ നിർമ്മാണം \| 0.26 കോടി<br>4 \| പെരുമ്പാവൂർ IB യുടെ നവീകരണം \| 0.35 കോടി<br>5 \| ടൂറിസം \| 1.00 കോടി<br>ആകെ \| **4.08** കോടി |
| (സി) രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായി ഡാം സേഫ്റ്റി റിവ്യൂ പാനൽ (ഡി.എസ്.ആർ.പി.) രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി 7 പേരടങ്ങുന്ന ഡാം സേഫ്റ്റി റിവ്യൂ പാനൽ (ഡി.എസ്.ആർ.പി) 27/04/2019 ലെ G.O(Rt) No.293/2019/WRD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജൂലൈ ആദ്യവാരം മുതൽ ഡി.എസ്.ആർ.പി അംഗങ്ങൾ ഡാമുകൾ സന്ദർശിച്ച് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ഡി) ഏറെ ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന ജില്ലയിലെ തന്നെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ടിൽ ടൂറിസം വികസനത്തിന് വലിയ സാധ്യതയുള്ള പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | DRIP ഒന്നാം ഘട്ട പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത് 2020 ജൂൺ മാസത്തിലാണ്. അതിന് ശേഷം മാത്രമേ രണ്ടാം ഘട്ട പദ്ധതികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. 6 വർഷകാലാവധിയുള്ള രണ്ടാം ഘട്ട പദ്ധതി ഏപ്രിൽ 2020 -ൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ